(സി) കടിശ്ശിക നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 1804 ആചാരസ്ഥാനികർക്കും 367 കോലധാരികൾക്കും സഹായധനം അനുവദിച്ചുവരുന്നുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം പുതിയ അപേക്ഷകൾ ക്ഷണിച്ചിട്ടില്ല.

മണ്ഡല മകരവിളക്ക് കാലയളവിൽ സന്നിധാനത്ത് നടന്ന തട്ടിപ്പ്

129 (821) <u>ശ്രീമതി പി. അയിഷാപോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മണ്ഡല മകരവിളക്ക് കാലയളവിൽ സന്നിധാനത്ത് ഭണ്ഡാരത്തിൽനിന്നും രൂപയും സ്വർണ്ണവും തട്ടിയെടുത്ത ജീവനക്കാർക്കെതിരെ വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) എത്ര തുകയുടെ തട്ടിപ്പാണ് ഇവർ നടത്തിയത് ;

(സി) സമാന സ്വഭാവമുള്ള സംഭവങ്ങൾ പ്രസ്തുത കാലയളവിൽ ശബരിമലയിൽ പിടിക്കപ്പെട്ടിരുന്നോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) മണ്ഡലം-മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ഭണ്ഡാരം സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്ന ശ്രീ. സജികുമാരൻപിള്ള, ശ്രീ. വി. എസ്. ശ്യാംഗൽ, ശ്രീ. എസ്. ജയദേവൻ, ശ്രീ. ജി. പ്രകാശ്, ശ്രീ. ജി. ഗോപകുമാർ, ശ്രീ. ആർ. കണ്ണദാസ് എന്നീ ജീവനക്കാർ അപഹരണം നടത്തിയതായി കണ്ടെത്തിയതിനെത്തുടർന്ന് അവരെ നിയമ നടപടികൾക്കായി 16-1-2015-ൽ ക്രിമിനൽ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് പോലീസിന് കൈമാറിയിട്ടുണ്ടെന്നും ആയതിന് ക്രൈം 8/15 യു./എസ്. 381.34 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 30-1-2015 വരെ റിമാൻഡ് ചെയ്തിരുന്നതുമാണെന്നും ഇവരെ അന്വേഷണ നടപടിയുടെ ഭാഗമായി സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) ആകെ 16,65,725 രൂപ മൂല്യമുള്ള വകകളാണ് ജീവനക്കാർ അപഹരണം നടത്തിയത്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly